## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 709** **10-02-2025 - ൽ മറുപടിയ്ക്ക്**

## വൈദ്യുതി ബോർഡിൽ ഡയറക്ടർ നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 01-06-2023 ന ശേഷം വൈദ്യുതി ബോർഡിൽ പ്രസരണം, ഉത്പാദനം, സിവിൽ എന്നീ മേഖലകളിൽ സ്ഥിരം ഡയറക്ടർമാരെ നിയമിച്ചിട്ടുണ്ടോ; | (എ) | കമ്പനി നിയമത്തിൽ സ്ഥിരം ഡയറക്ടർ എന്നോ താല്ക്കാലിക ഡയറക്ടർ എന്നോ വർഗ്ഗീകരണമില്ല. ഡയറക്ടർമാരുടെ പൂർണ്ണ ചുമതല കമ്പനിയിലെ ചില ചീഫ് എഞ്ചിനീയർമാർക്ക് നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | വൈദ്യുതി ബോർഡിൽ പ്രസരണം, ഉത്പാദനം, സിവിൽ എന്നീ മേഖലകളിൽ സ്ഥിരം ഡയറക്ടർ നിലവിലുണ്ടോ; | (ബി) | കമ്പനി നിയമത്തിൽ സ്ഥിരം ഡയറക്ടർ എന്നോ താല്ക്കാലിക ഡയറക്ടർ എന്നോ വർഗ്ഗീകരണമില്ല. ഡയറക്ടർമാരുടെ പൂർണ്ണ ചുമതല കമ്പനിയിലെ ചില ചീഫ് എഞ്ചിനീയർമാർക്ക് നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | 06.09.2024 ലെ ബോർഡ് ഉത്തരവ് പ്രകാരം കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ് ബോർഡിന് ഡയറക്ടർമാരെ തിരഞ്ഞെടുക്കാൻ നൽകിയ തുക എത്ര എന്നറിയിക്കുമോ; | (സി) | ഡയറക്ടർ(ഫിനാൻസ്), ഡയറക്ടർ (ടെക്നിക്കൽ -ഇലക്ട്രിക്കൽ), ഡയറക്ടർ (സിവിൽ) എന്നീ തസ്തികയിലേക്കുള്ള റിക്രൂട്ട്മെന്റ് ഫീസ് ഇനത്തിൽ റിക്രൂട്ട്മെന്റ് ബോർഡ് നല്കിയ invoice-ന്റെ അടിസ്ഥാനത്തിൽ ഒരു വിഭാഗത്തിന് 7 ലക്ഷം രൂപ നിരക്കിൽ മൂന്ന് വിഭാഗത്തിനും ചേർത്ത് 21 ലക്ഷം രൂപ (GST ഒഴികെ) നല്കിയിട്ടുണ്ടെന്ന് കെ.എസ്.ഇ.ബി.എൽ അറിയിച്ചു. |
| (ഡി) | ഡയറക്ടർമാരെ തിരഞ്ഞെടുക്കാൻ ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ;എങ്കിൽ അതിൽ നിന്നും അർഹരായവരെ നിയമിച്ചിട്ടുണ്ടോ; | (ഡി) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്-ലെ ഡയറക്ടർ (ഫിനാൻസ്), ഡയറക്ടർ (ടെക്നിക്കൽ - ഇലക്ട്രിക്കൽ) എന്നീ തസ്തികയിലേക്കുള്ള സെലക്ട് ലിസ്റ്റ് (കെ.പി.ഇ.എസ്.ആർ.ബി. യുടെ) വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുണ്ട്.<br>ഡയറക്ടർ (ഫിനാൻസ്) തസ്തികയുടെ സെലക്ട് ലിസ്റ്റിൽ നിന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ഡയറക്ടർ (ഫിനാൻസ്) തസ്തികയിൽ ശ്രീ.ബിജു.ആർ-നെ നിയമിച്ചിട്ടുണ്ട്. |
| (ഇ) | കമ്പനി നിയമത്തിലെ ഏതു വകുപ്പ് പ്രകാരമാണ് വൈദ്യുതി ബോർഡിൽ താത്കാലിക | (ഇ) | കേരള സർക്കാർ നിയമിക്കുന്ന ഡയറക്ടർമാരെ Companies Act, 2013-ലെ സെക്ഷൻ 152 പ്രകാരം കമ്പനി നിയമിക്കുന്നു. കമ്പനി നിയമത്തിൽ സ്ഥിരം |

| | | | |
|---|---|---|---|
| | ഡയറക്ടർമാരെ നിയമിക്കുന്നത്; ഇതിനു നിയമ പ്രാബല്യം നേടിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | | ഡയറക്ടർ എന്നോ താത്കാലിക ഡയറക്ടർ എന്നോ വർഗ്ഗീകരണമില്ല. |

സെക്ഷൻ ഓഫീസർ